കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം- എഞ്ചിനീയറിംഗ് കേഡർ - പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്

**സ.ഉ.(എം.എസ്)നം.1/2011/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,01.01.2011.**

---

പരാമർശം:- 1) സ.ഉ(പി) നമ്പർ 117/10/തസ്വഭവ തീയതി 9.06.2010.
2) നഗരകാര്യ ഡയറക്ടറുടെ 30.10.2010 ലെ ഇ6/14148/10 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം, എന്നീ ഗ്രാമപഞ്ചായത്തുകളെ 1.11.2010 മുതൽ മുനിസിപ്പാലിറ്റികളായി പരിവർത്തനം ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ സ്ഥിരമായി ജീനവക്കാരെ നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിരുന്നു. സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കു ന്നതും അതിൽ ഉൾപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ നിർദ്ദേശം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് പരാമർശം (1) പ്രകാരം പുതുതായി രൂപീകരിച്ച 7 മുനിസിപ്പാലിറ്റികളിൽ താഴെപ്പറയുന്ന 12 (പന്ത്രണ്ട്) സാങ്കേതിക വിഭാഗം തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| മുനിസിപ്പാലിറ്റി | തസ്തിക | | | |
|---|---|---|---|---|
| | അസിസ്റ്റന്റ് എഞ്ചിനീയർ | ഓവർസീയർ ഗ്രേഡ്-1 | ഓവർസീയർ ഗ്രേഡ്-2 | ഓവർസീയർ ഗ്രേഡ്-3 |
| കരുനാഗപ്പള്ളി | - | 1 | - | - |
| തൃക്കാക്കര | - | 1 | - | - |
| ഏലൂർ | - | 1 | 1 | - |
| മരട് | - | 1 | 1 | - |
| കോട്ടയ്ക്കൽ | - | - | 1 | - |
| നിലമ്പൂർ | - | - | 1 | 1 |
| നീലേശ്വരം | 1 | - | 1 | 1 |
| **ആകെ** | 1 | 4 | 5 | 2 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റഹ്നാ ബീഗം. എസ്**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, നഗരകാര്യ വകുപ്പ്.

ബന്ധപ്പെട്ട നഗരസഭകൾ (നഗരകാര്യ ഡയക്ടർ മുഖാന്തിരം)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)ഓഡിറ്റ്, കേരള, തിരുവനന്തപുരം/തൃശ്ശൂർ.

തദ്ദേശസ്വയംഭരണ (ഇ.യു) സെക്ഷൻ.

ധനകാര്യ വകുപ്പ് (82488/ഡെവ1/10/ധന തീയതി 13.12.2010 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ